യായി കൊടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ കുടിശ്ശികയായ 143.5 ലക്ഷം രൂപ കൊടുക്കാനുണ്ട്. ഈ കുടിശ്ശിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 165 ലക്ഷം രൂപയിൽനിന്നും ഉടനെ കൊടുക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. ബാക്കി ഈ വർഷം വേണ്ടിവരുന്ന തുക തക്ക സമയത്ത് അനുവദിക്കുന്നതാണ്. പ്രകൃതിക്ഷോഭം മൂലം വിള നശിച്ചവർക്കുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പെൻറിംഗ് ക്ലെയിംസിനെക്കുറിച്ചുള്ള പൂർണ്ണവിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അത് ശേഖരിച്ചുകഴിഞ്ഞതിനു ശേഷം ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

(5) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ശുദ്ധജല വിതരണം

ശ്രീ. വി.കേശവൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതാണ്ട് 1200—ഓളം വരുന്ന കുഷ്ഠം രോഗികളും പാർക്കുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഒരു തുള്ളിവെള്ളം പോലും കുടിക്കാൻ കിട്ടാതെ കഴിഞ്ഞ മൂന്നു നാലു മാസമായി ആളുകളും കഷ്ടപ്പെടുകയാണ്. അവിടെ കഴിഞ്ഞ വർഷം സ്ഥാപിച്ച കുഴൽ കിണർ ആകെ തകർന്നു പ്രവർത്തനരഹിതമായി കിടക്കുന്നു. കഴിഞ്ഞ നാലു മാസമായി തുടർച്ചയായി അവർക്ക് ലോറിയിൽ അൽപം വെള്ളംകൊണ്ടു കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അതും ഇപ്പോൾ നിറുത്തിയിരിക്കുന്നു. അങ്ങനെ അവർ കുടിനീരുകിട്ടാതെ അങ്ങേയറ്റം കഷ്ടപ്പെടുകയാണ്. ഇതിൽ പ്രതിഷേധിച്ച് അവിടെ നാളെ സത്യാഗ്രഹം തുടങ്ങാൻ പോകുന്നുവെന്ന് അധികൃതരെ ടെലഗ്രാം മുഖേന അറിയിച്ചിട്ടുണ്ട്. ഇത് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടിയന്തിരമായി അവർക്ക് വെള്ളം കൊടുക്കാനും അവിടെ ശാശ്വതമായി ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അവിടെ 1984 ജൂണിൽ ഒരു കുഴൽ കിണർ കുഴിച്ച് വെള്ളം കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. എന്നാൽ അടുത്തകാലത്തായി ആ കുഴൽക്കിണറിൽനിന്നും ആവശ്യമായ വെള്ളം കിട്ടുന്നില്ലായെന്ന് മനസ്സിലായി. കൂടുതൽ വെള്ളം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ 66,000 രൂപ സാങ്ഷൻ ചെയ്തിട്ടുണ്ട്. ഇന്നലെ തന്നെ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറെ വിളിച്ച് ഏതെങ്കിലും വിധത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്. കൊല്ലം കളക്ടർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവർക്ക് കുടിവെള്ളം വലിയ ഒരു പ്രശ്നമാണ്. അതിന് ഗവൺമെൻറ് വളരെയധികം മുൻഗണന കൊടുത്തുകൊണ്ട് നടപടി സ്വീകരിക്കുന്നതാണ്.

(6) കിളിമാനൂർ സഹകരണ ഭൂപണയ ബാങ്കിൽ നിന്നും കർഷകർക്കു നൽകിയ വായ്പയിൻമേലുള്ള ജപ്തി നടപടി

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കിളിമാനൂർ ഭൂപണയ ബാങ്കിൽനിന്നും 2400 കൃഷിക്കാരുടെ മേൽ അവർ എടുത്ത കടം തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ജപ്തി നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

നഞ്ഞിരിക്കാണ്ടിരിക്കുകയാണ്. അവർ മനപ്പൂർവ്വം അടയ്ക്കാത്തതല്ല. കഴിഞ്ഞ വർഷത്തെ അതിവർഷവും, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും കാരണം ജീവിതച്ചെലവ് വർദ്ധിച്ചതുകൊണ്ടാണ് ആ പണം തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലേക്ക് അവർ എത്തിച്ചേർന്നത്. അടയ്ക്കുകയില്ലായെന്ന് അവർ പറയുന്നില്ല. കാലാവധി അൽപം നീട്ടിക്കൊടുക്കുക എന്നുള്ളതാണ് അവരുടെ ഇപ്പോഴത്തെ ആവശ്യം. വൻകിട മുതലാളിമാർക്കും, പ്രാൻറർമാർക്കും ബസ്സ് മുതലാളിമാർക്കും ഇങ്ങനെ നീട്ടിക്കൊടുക്കാനുണ്ട്. എന്നാൽ ഇവർക്ക് 6 മാസം അതായത് ഡിസംബർ മാസം വരെ നീട്ടിക്കൊടുക്കണമെന്നാണ് പറയുന്നത്. 25 ശതമാനം കുടിശ്ശിക കൂടി കഴിഞ്ഞാൽ നീട്ടിക്കൊടുക്കാൻ നിർവ്വാഹമില്ലെന്നാണ് നബാർഡിന്റെ തീരുമാനം. 25 ശതമാനം വന്നാൽ കൊടുക്കാൻ പാടില്ലായെന്നും തിരിച്ചടക്കണമെന്നുമുള്ള ഒരു തീരുമാനമുണ്ടെങ്കിൽ തന്നെയും, ഈ 2400 കൃഷിക്കാർക്കും അത് സാധിക്കുകയില്ല. പുളളിക്കൂടം തുറക്കുന്ന അവസരമായതുകൊണ്ട് കുട്ടികൾക്ക് പുസ്തകങ്ങളും വാങ്ങിക്കുക തുടങ്ങി മറ്റു ചെലവുകളുമുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മിഥുനം, കർക്കിടകം മാസങ്ങളാണ് എന്നു പറയുന്നത് പഞ്ഞമാസമാണ്. ഇത് കണക്കിലെടുത്ത് അവർക്ക് അടയ്ക്കാനുള്ള സാവകാശം 6 മാസം കഴിഞ്ഞ് ഗഡുക്കളായി അടയ്ക്കാനുള്ള അവസരം കൊടുക്കണം. അവിടത്തെ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയില്ല. അഡ്മിനിസ്ട്രേറ്ററായ ശ്രീ. ഷംസുദീൻ ആണ് ഭരണം നടത്തുന്നത്. അദ്ദേഹം തിരിച്ചടയ്ക്കാനുള്ള നോട്ടീസ് അയച്ചപ്പോൾ ആ നോട്ടീസിൽ ചില പ്രത്യേക സ്ഥാപിതതാൽപ്പര്യക്കാർ തിരിച്ചടയ്ക്കാതിരിക്കാൻ വേണ്ടിയുള്ള ഗൂഢാലോചന നടത്തി എന്നും എഴുതിയിരുന്നു. ഇതിനെതിരെ ധർണയും പ്രക്ഷോഭണവും നടന്നു. ഇത് പത്രത്തിൽ വന്നപ്പോൾ അടിക്കുറിപ്പ് എഴുതിയിരുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണുണ്ടായത്. അത് തടയണം. 6 മാസമെങ്കിലും ജപ്തി നടപടികളും നിറുത്തിവച്ച് ഗഡുക്കളായി അടയ്ക്കാനുള്ള ഏർപ്പാടുകളും ഉണ്ടാക്കി കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, കിളിമാനൂർ കാർഷിക വികസന ബാങ്കിനെ സംബന്ധിച്ചിടത്തോളം 2400-ഓളം കൃഷിക്കാർ കുടിശ്ശിക വരുത്തുകയും ആ കുടിശ്ശിക തിരിച്ച് പിടിക്കുന്നതിന് ബാങ്ക് സത്വരനടപടികളും സ്വീകരിച്ചിരിക്കുകയുമാണ്. 1980-81, 1981-82 കാലങ്ങളിൽ 22.47 ശതമാനം മാത്രമേ കുടിശ്ശികയുണ്ടായിരുന്നുള്ളൂ. അന്ന് 240-ൽ പരം ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അവർക്ക് സാധിച്ചിരുന്നു. ഇതിന് നബാർഡിന്റെ കർശനമായ നിയന്ത്രണമുണ്ട്. ജൂൺ മാസം 30-ാം തീയതി വരെ 25 ശതമാനത്തിലധികം കുടിശ്ശിക വരികയാണെങ്കിൽ അവർക്ക് വായ്പ കൊടുക്കുന്നതിന് പ്രയാസമാകും. അതിന്റെ നിബന്ധന അനുസരിച്ചു മാത്രമേ അവർക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇത് ലംഘിക്കാൻ ആർക്കും സാദ്ധ്യമല്ല. ഇങ്ങനെയുള്ള കൃഷിക്കാർക്ക് പ്രയാസങ്ങൾ ഉണ്ടെങ്കിൽ അവർക്ക് തീർച്ചയായും ബാങ്കിനോട് അപേക്ഷിക്കാവുന്നതാണ്. ഇതിൽ യാതൊരു തരത്തിലുമുള്ള അപാകതയില്ല. എന്നാൽ ഇതുവരെ ഒരു കൃഷിക്കാരൻപോലും ബാങ്കിൽ അപേക്ഷ കൊടുത്തിട്ടില്ല. കാലവർഷംകൊണ്ടും മറ്റും കൃഷിക്ക് നാശനഷ്ടം ഭവിക്കയാണെങ്കിൽ അതിന് അവർ അപേക്ഷ കൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും പരിഗണിക്കുന്നതാണ്. ഒരു അപേക്ഷപോലും ഇതുവരെ വന്നിട്ടില്ലായെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ബഡ്ജറ്റ് തന്നെ ഇതിനു അനുമതി തന്നിട്ടുണ്ട്. അതു ചെയ്യാതെ സമരവും കുഴപ്പവും ഉണ്ടാക്കുന്നത് ശരിയല്ല. ബാങ്ക് നിലനിൽക്കണം. ബാങ്ക് നിലനിൽക്കണമെങ്കിൽ വായ്പ അടയ്ക്കാതെ സാധിക്കുകയില്ല. ബാങ്കിലുള്ള പണം തിരിച്ചടയ്ക്കാതിരിക്കുകയാണെങ്കിൽ എങ്ങനെയാണ് അടുത്ത സഹകാരണവർഷം വായ്പ കൊടുക്കാൻ സാധിക്കുന്നത്? അതുകൊണ്ട് ഗവൺമെന്റ് വിചാരിച്ചാൽ പെട്ടെന്ന് സ്റ്റേ കൊടുക്കുവാൻ കഴിയുകയില്ല. തീർച്ചയായും അവർ പണം തിരിച്ചടയ്ക്കണം. കുടിശ്ശിക 25 ശതമാനത്തിൽ കുറയ്ക്കണം. ഇന്ന് അവരുടെ കുടിശ്ശിക വളരെ കൂടുതലാണ്. ഇപ്പോഴത്തെ 54 ശതമാനം കുടിശ്ശിക വന്നിരിക്കുകയാണ്. അപ്പോഴത്തെ ഇന്ന് അവർ കൊടുക്കുന്നത് വളരെ ചെറിയ വായ്പയാണ്. അതുകൊണ്ട് വളരെ ചെറിയ വായ്പ മാത്രമേ അടുത്തവർഷം കൊടുക്കാൻ കഴിയുകയുള്ളൂ. ഇത് ബാങ്കിനെ നശിപ്പിക്കുന്ന നടപടിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.കൂടി സഹകരിച്ച് ബാങ്കിലെ കുടിശ്ശിക തിരിച്ചടപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(7) തൃശ്ശൂർ ടൗൺ എസ്.ഐ.ബാബുവിന് എൻ. ഒ. സി. നൽകൽ

ശ്രീ. വി.കെ. രാജൻ: സർ, ഞാൻ ഇവിടെ രണ്ടു കാര്യങ്ങളെ സംബന്ധിച്ചാണ് സബ്മിഷൻ കൊടുത്തിരിക്കുന്നത്. ഒന്ന്, തൃശ്ശൂർ ടൗണിലെ എസ്.ഐ.ശ്രീ.വി.ജി.ബാബുവിനെ സംബന്ധിച്ചുള്ളതാണ്. അദ്ദേഹം ഇപ്പോൾ അമേരിക്കയിലേക്ക് പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന് എൻ.ഒ.സി. കൊടുക്കരുത്. അമേരിക്കയിലേക്ക് അയയ്ക്കരുത്. അദ്ദേഹം രണ്ടു കേസ്സിലെ പ്രതിയാണ്. ഒരു കേസ്സിൽ രണ്ടു ലക്ഷം രൂപ കോടതിയിൽ കെട്ടിവയ്ക്കണമെന്ന് വിധിയായിരിക്കുകയാണ്. ആനന്ദവല്ലിയുടെ മർത്തവ് മോഹൻ എന്ന ശശീന്ദ്രൻ, അദ്ദേഹത്തിന്റെ അമ്മ പൊന്നു എന്ന ശാന്തമ്മ എന്നിവർ എസ്. ഐ. കാരണം ആത്മഹത്യ ചെയ്ത കേസ്സിന്റെ തുടർന്നുണ്ടായ കേസ്സിലാണ് ഹൈക്കോടതിയിൽനിന്ന് രണ്ടു ലക്ഷം രൂപ കെട്ടിവയ്ക്കാൻ പറഞ്ഞിരിക്കുന്നത്. മറ്റൊരു കേസ്സ് ജി.വി. ട്രാൻസ്പോർട്ടിലെ ഒരു ജീവനക്കാരനായ അലവൻ എഴുത്തച്ചന്റെ സ്റ്റേഷനിൽവച്ചും ബസ്സ് സ്റ്റാൻഡിൽവച്ചും മർദ്ദിച്ചതിനെ സംബന്ധിച്ച് അദ്ദേഹം കൊടുത്ത ഒരു പ്രൈവറ്റ് അന്യായമാണ്. ഈ എസ്.ഐ.ആട്ടാസത്തരം വിളിച്ചു പറയുന്ന ഒരു എസ്.ഐ.യാണ്. അതിന് ഒരു ഉദാഹരണം ഞാൻ പറയാം. കഴിഞ്ഞ പോളിടെക്നിക്ക് സമരകാലത്ത് കേരളവർമ്മ കോളേജിലെ എം.എ.വിദ്യാർത്ഥിനികളെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടു വന്ന് അവരുടെ മുൻഭാഗം വച്ച് പാന്റഴിച്ചിട്ട് നഗ്നത പ്രദർശിപ്പിച്ചു. ഇതിലേറെ ആട്ടാസം ഒരു മനുഷ്യനു കാണിക്കാൻ കഴിയുമോ? അദ്ദേഹം ഒരു വിളഞ്ഞു പിടിച്ച മൃഗമാണ്. ഇയാൾക്ക് പോലീസ് ട്രെയിനിംഗ് കൊടുത്തത് ബോംബെയിലെ വേശ്യത്തെരുവിൽനിന്നാണെന്നു തോന്നുന്നു. അങ്ങനെയുള്ള എസ്.ഐ.യ്ക്ക് എൻ.ഒ.സി. കൊടുക്കരുത്. അതുപോലെ നിരവധി ആളുകളെ അദ്ദേഹം തല്ലിയിട്ടുണ്ട്.

വലപ്പാട് പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ, സുരേന്ദ്രൻ എന്നു പറയുന്ന എന്നെ പാർട്ടിയിൽപ്പെട്ട ഒരാളെ സ്റ്റേഷനിലേക്ക് വിളിച്ചു. സുരേന്ദ്രൻ പോലീസ് സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly